## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3103 | 11.12.2014-ൽ മറുപടിക്ക്

## താലൂക്കുകളുടെ രൂപീകരണം

| ചോദ്യം<br>ശ്രീ. കെ. വി. വിജയദാസ് | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) പുതുതായി താലൂക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര താലൂക്കുകൾ ആരംഭിച്ചിട്ടുണ്ട്; ലിസ്റ്റ് സഹിതം വിശദവിവരം നൽകുമോ ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 12 പുതിയ താലൂക്കുകൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത താലൂക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പുതുതായി വില്ലേജ് ഓഫീസുകളും താലൂക്കുകളും ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ വിശദാംശം നൽകുമോ | (സി) നിയമസഭാ മണ്ഡലങ്ങൾ പുന: സംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങൾ, ഭരണപരമായ സൗകര്യങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ എന്നിവ, അവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന ത്രിതല പഞ്ചായത്തീരാജ് സംവിധാനം, വികസന സാധ്യത, ജനങ്ങളുടെ യാത്രാ സൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം എന്നീ കാര്യങ്ങൾ പരിശോധിച്ചും, അതോടൊപ്പം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ചാണ്, പുതുതായി വില്ലേജുകളും, താലൂക്കുകളും ആരംഭിക്കുന്നത്. |

(ഡി) ഇത്തരത്തിൽ പാലക്കാട് ജില്ലയിലെ അസംബ്ലി മണ്ഡലങ്ങളിലെ ഏതെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(ഡി) ഇല്ല. സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ, പട്ടാമ്പി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ഗാന്ധിയം

| ക്രമ നം. | താലൂക്കിന്റെ പേര് | ജില്ല |
|---|---|---|
| 1 | മഞ്ചേശ്വരം | കാസർഗോഡ് |
| 2 | വെള്ളരിക്കുണ്ട് | കാസർഗോഡ് |
| 3 | ഇരിട്ടി | കണ്ണൂർ |
| 4 | താമരശ്ശേരി | കോഴിക്കോട് |
| 5 | കൊണ്ടോട്ടി | മലപ്പുറം |
| 6 | പട്ടാമ്പി | പാലക്കാട് |
| 7 | ചാലക്കുടി | തൃശ്ശൂർ |
| 8 | ഇടുക്കി | ഇടുക്കി |
| 9 | കോന്നി | പത്തനംതിട്ട |
| 10 | പുനലൂർ | കൊല്ലം |
| 11 | കാട്ടാക്കട | തിരുവനന്തപുരം |
| 12 | വർക്കല | തിരുവനന്തപുരം |

Thembu...

സെക്ഷൻ ഓഫീസർ